(സി) കണക്ടഡ് ലോഡ് 500 വാട്ട്സിൽ താഴെയുള്ളതും പ്രതിമാസം ഇരുപത് യൂണിറ്റിൽ താഴെ ഉപഭോഗമുള്ളതുമായ ഗാർഹികോപഭോക്താക്കൾ വൈദ്യുതി ചാർജ്ജ് നൽകേണ്ടതില്ല. ഇത് ദുർബല വിഭാഗത്തിൽപ്പെട്ടവരെ ഉദ്ദേശിച്ചുള്ള ആനുകൂല്യമാണ്.

വൈദ്യുതി ചാർജ് വർദ്ധന

106 (2684) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എപ്പോഴെല്ലാം വൈദ്യുതി ചാർജ്. വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഓരോ വർദ്ധനവിലൂടെയും വൈദ്യുതി ബോർഡിന് ലഭിച്ച അധിക സാമ്പത്തിക വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1-2-1997-ലും, 15-5-1999-ലും, താരിഫ് പരിഷ്ക്കരിച്ചു.

(ബി) താരിഫ് വർദ്ധനകൊണ്ടുമാത്രം ഉണ്ടാകുന്ന അധിക വരുമാനം കണക്കാക്കാൻ കഴിയില്ല. പുതിയ വൈദ്യുതി കണക്ഷനുകൾമൂലവും നിലവിലുള്ള ഉപഭോക്താക്കളുടെ ഉപഭോഗത്തിലുള്ള വ്യതിയാനവും വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നു. ഈ വരുമാന വർദ്ധനവും താരിഫ് പരിഷ്ക്കരണങ്ങളും മൂലമുള്ള വർദ്ധനവും അടക്കം 1-2-1997-ലെ താരിഫ് പരിഷ്ക്കരണം കഴിഞ്ഞ് 1997-98 കലയളിവിൽ 222 കോടി രൂപ വർദ്ധനവ് ഉണ്ടായി. 15-5-1999-ൽ നിലവിൽ വന്ന താരിഫ് പരിഷ്ക്കരണത്തിനുശേഷം 1999-2000 ത്തിൽ 577.43 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

കരുവഞ്ചേരി വോൾട്ടേജ് ഇൻപ്രൂവ്മെന്റ് പദ്ധതി

107 (2685) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, വടകര സൗത്ത്, കരുവഞ്ചേരി വോൾട്ടേജ് ഇൻപ്രൂവ്മെന്റ് പദ്ധതി, കെ.എസ്.ഇ.ബി. എന്നാണ് അംഗീകരിച്ചതെന്ന് വിശദമാക്കാമോ ;

(ബി) അംഗീകരിച്ചതിനുശേഷം ഇതു സംബന്ധിച്ച് ഇപ്പോൾ എന്തു നടപടിയാണ് തുടർന്നു വരുന്നത് ;

(സി) പ്രവൃത്തി പൂർത്തീകരിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ എപ്പോൾ കഴിയുമെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) 17-11-1997-ൽ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) വടകര സൗത്ത് സെക്ഷനിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ആറാമത്തേതാണ് ഈ പദ്ധതി. മുൻഗണനാക്രമമനുസരിച്ചും സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ചും കഴിവതും വേഗം പ്രസ്തുത ജോലി ചെയ്തു തീർക്കുന്നതാണ്.

ബ്രഹ്മപുരം, കോഴിക്കോട് ഡീസൽ നിലയങ്ങളിൽ ഉല്പാദിപ്പിച്ച വൈദ്യുതി

108 (2686) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മപുരം, കോഴിക്കോട് ഡീസൽ നിലയങ്ങളിൽ ഇതുവരെ ഓരോ മാസവും എത്ര വൈദ്യുതി വീതം ഉല്പാദിപ്പിച്ചു ;

(ബി) ഈ രണ്ട് നിലയങ്ങളിലും ഉള്ള ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു.

ബ്രഹ്മപുരം ഡീസൽ നിലയം

മാസം	മി.യൂണിറ്റ്
(1)	(2)
5/97	1.318
6/97	6.529
7/97	10.036
8/97	4.909
9/97	7.7365
10/97	7.4615
11/97	15.269
12/97	12.9925
1/98	13.879
2/98	17.872
3/98	15.198
4/98	11.2
5/98	12.209

LIBRARY ARCHIVES Kerala Legislative Assembly